എക്സിക്യൂട്ടീവുകൾ	-	28
സ്ഥിരം തൊഴിലാളികൾ		
സ്കിൽഡ്	-	137
അൺസ്കിൽഡ്	-	60
കാഷ്വൽ തൊഴിലാളികൾ	-	ഇല്ല.
ഇപ്പോഴുള്ള കോൺട്രാക്ട് തൊഴിലാളികൾ	-	78

(ഇ) ഉൽപ്പാദന പ്രക്രിയയ്ക്കിടയിൽ ആവശ്യമായ മെറ്റീരിയൽസും മറ്റും എടുത്തുമാറ്റുന്ന തൊഴിലും ഗ്രൈൻഡിംഗ്, ചിസൽ കട്ടിംഗ്, തോട്ടം സെക്യൂരിറ്റി, കാന്റീൻ, ക്ലീനിംഗിനോട് ബന്ധപ്പെട്ട തൊഴിലുകളും കോൺട്രാക്ട് വ്യവസ്ഥയിൽ കൊടുത്ത് കോൺട്രാക്ടറുടെ തൊഴിലാളികൾ ചെയ്തുവരുന്നു. ടെണ്ടറുകൾ വിളിച്ചാണ് ഇത്തരം തൊഴിലുകൾ കൊടുക്കുന്നത്. വിവിധ കോൺട്രാക്ടറുടെ കീഴിൽ പണി എടുക്കുന്ന തൊഴിലാളികളെ കോൺട്രാക്ടർമാർ തന്നെ നിയമിക്കുന്നു.

(എഫ്) 1990-ൽ ജി.ഇ.എം. സൊസൈറ്റിയിൽ ഉണ്ടായിരുന്ന 20 തൊഴിലാളികളെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. എഗ്രിമെന്റ് വ്യവസ്ഥയിലല്ല സ്ഥിരപ്പെടുത്തിയത്.

(ജി) പ്രസ്തുത നിയമനം സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ അംഗീകരിക്കുകയും ബാക്കിയുള്ള ഒഴിവുകളും, ഇനി വരുന്ന ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നികത്തണമെന്നാണ് ഹൈക്കോടതി വിധി.

279 (1458) കയറുൽപ്പന്നങ്ങളുടെ ഡിമാന്റ്

ശ്രീ. കെ. ബാബു :
ശ്രീ. കെ.സി. വേണുഗോപാൽ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയറിനും കയറുൽപ്പന്നങ്ങൾക്കും ഇപ്പോൾ ആഭ്യന്തര ഡിമാൻറും വിദേശഡിമാന്റും ഇല്ലാതാവുകയോ കുറയുകയോ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണം എന്തെന്ന് പറയുമോ;

(സി) ഇപ്പോൾ എന്തു തുകയ്ക്കുള്ള കയറും കയറുൽപ്പന്നങ്ങളും കയർഫെഡിൽ കെട്ടിക്കിടപ്പുണ്ട്;

(ഡി) പ്രാഥമിക സഹകരണ സംഘങ്ങളിൽ എന്തു വിലയ്ക്കുള്ള കയറും കയറുൽപ്പന്നങ്ങളും കെട്ടിക്കിടക്കുന്നു;

(ഇ) ഇവ വിറ്റഴിക്കാൻ ഗവൺമെന്റ് എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൃത്രിമ നാരുകൊണ്ടുണ്ടാക്കിയ ഉൽപ്പന്നങ്ങൾ കയറുൽപ്പന്നങ്ങളുടെ സ്ഥാനം കൈയടക്കിയതാണ് കയർ, കയറുൽപ്പന്നങ്ങൾ എന്നിവയുടെ ഡിമാന്റ് കുറയുന്നതിനുള്ള പ്രധാന കാരണം.

(സി) ഏകദേശം 20 കോടി രൂപയുടെ.

(ഡി) 3.5 കോടി രൂപ വിലയ്ക്കുള്ള കയറും കയറുൽപ്പന്നങ്ങളും പ്രാഥമിക കയർ സഹകരണ സംഘങ്ങളിൽ കെട്ടിക്കിടക്കുന്നുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഇ) കയർ, കയറുൽപ്പന്നങ്ങൾ എന്നിവയുടെ വിപണനം ത്വരിതപ്പെടുത്തുന്നതിനായി വർഷത്തിൽ 90 ദിവസം 20% റിബേറ്റനുവദിക്കുന്നുണ്ട്. നടപ്പുസാമ്പത്തികവർഷത്തിൽ റിബേറ്റ് നൽകുന്നതിന് 600 ലക്ഷം രൂപ വകയിരുത്തിയിട്ടുമുണ്ട്. കൂടുതൽ വിൽപ്പനശാലകൾ ആരംഭിക്കുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങൾക്കും കയർ സഹകരണ സംഘങ്ങൾക്കും ഒരു ഷോറൂമിന് ഒരു ലക്ഷം രൂപ വരെ ഗ്രാന്റ് നൽകുന്നു. കൂടുതൽ ഏജൻസി ഷോറൂമുകൾ ആരംഭിച്ചും കയർ ഉൽപ്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിന് കയർഫെഡും കയർ കോർപ്പറേഷനും നടപടി സ്വീകരിച്ചുവരുന്നു. 'കയർ ജിയോ ടെക്സ്റ്റയിൽസിന്റെ ഉൽപ്പാദനവും വിനിയോഗവും വർദ്ധിപ്പിച്ച് കയറിന്റെ വിപണനം ത്വരിതപ്പെടുത്തുന്നതിനുള്ള ബൃഹത് പദ്ധതി നടപ്പാക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

280 (1459) ഡെലിഗേഷൻ

ശ്രീ. വി.ജെ. പൗലോസ് ;

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കയറും കയറുൽപ്പന്നങ്ങളും വിദേശത്തേയ്ക്ക് കയറ്റി അയയ്ക്കുന്നതിനുള്ള സാദ്ധ്യതകൾ ആരായുന്നതിനായി ഒരു പ്രതിനിധി സംഘത്തെ വിദേശത്തേയ്ക്ക് അയച്ചിരുന്നുവോ;

(ബി) ഈ സംഘത്തിൽ ആരെല്ലാമുണ്ടായിരുന്നു;

(സി) അവർ ഏതെല്ലാം രാജ്യങ്ങൾ സന്ദർശിച്ചു;

(ഡി) കയറും കയർ ഉൽപ്പന്നങ്ങളും ഈ രാജ്യങ്ങളിൽ വിൽക്കുന്നതിനെപ്പറ്റി അവർ എന്തെല്ലാം നിർദ്ദേശങ്ങളാണ് സമർപ്പിച്ചതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)-(ഡി) ചോദ്യം ഉദിക്കുന്നില്ല.

281 (1460) കയർഫെഡ് ഉദ്യോഗസ്ഥൻമാരുടെ വിദേശയാത്ര

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly